GOVT. HIGH SCHOOL BANAM
ഗവ.ഹൈസ്കൂൾ ബാനം
പി.ഒ. പരപ്പ
ഇമെയിൽ:12071 banam@gmail.com
ഫോൺ:04672255533

# അമിശാല

# AMYGDALA

## കൈററ്സ് ഡിജിററൽമാഗസിൻ



# ലിറ്റിൽ കൈറ്റ്സ് 2018-19

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ : എം . രേഷ്മ (ഹെഡ് മിസ്ട്രസ്സ്)

സ്റ്റാഫ് എഡിറ്റർ : ബാലചന്ദ്രൻ പി. കെ.

സ്റ്റുഡന്റ് എഡിറ്റർ : അനന്യ. കെ

പത്രാധിപ സമിതി അം ഗങ്ങൾ : എം. പ്രിയാശാലിനി

കെ.കെ. രാജൻ

പവിത്രൻ .കെ

പ്രപഞ്ച് .സി.

നിഹാര സുകുമാരൻ

## വായനയുടെ താളുകൾ

| | | |
|---|---|---|
| 1. വായനാക്കുറിപ്പ് | അഗ്നിസാക്ഷി | അനന്യ. കെ |
| 2. ഡയറി | ധനുമാസത്തിലെ സ്വപ്ന കുളിർ | ആർദ്രാരാജ്. എം |
| 3. വായനാക്കുറിപ്പ് | തെന്നാലി രാമൻ | ജിഷ്ണു. കെ. |
| 4. English Poem | The Little Funny Yellow Mango | Ardra Raj M |
| 5. റിപ്പോർട്ട് | ചരിത്രപൈതൃകമ്യൂസിയം<br>ഒരു സ്വപ്ന സാക്ഷാത്ക്കാരം | കെ. പവിത്രൻ മാസ്റ്റർ |
| 6. *വായനാക്കുറിപ്പ്* | *രാമേട്ടൻ* | അനന്യ.വി.ജെ |
| 7. ലേഖനം | പ്രകൃതി അന്നും ഇന്നും | *ശ്രീജിത.എൻ.കെ* |
| 8.വായനാക്കുറിപ്പ് | എച്ചിൽ ജീവിതം | ശ്രീലക്ഷ് മി. എ. |
| 9. *കവിത* | ജീവിതം | ഗ്രീഷ്മ. കെ. എം |
| 10. വായനാക്കുറിപ്പ് | അഗ്നിച്ചിറകുകൾ | അഞ്ജൽ കൃഷ്ണൻ.കെ. |
| 11. വായനാക്കുറിപ്പ് | മലയാളത്തിന്റെ സുവർണ്ണ കഥകൾ | അഹല്യ.വി.വി |
| 12. വായനാക്കുറിപ്പ് | അമ്മ | അനന്യ.വി.ജെ |
| 13. കവിത | എന്റെ പ്രകൃതി | മുഹമ്മദ് സഫ് വാൻ |
| 14. വായനാക്കുറിപ്പ് | മാമ്പഴം | പ്രപഞ്ച്. സി. |
| 15. ലേഖനം | പ്ലാസ്റ്റിക് എന്ന ഭീകരത | സിൻജന സുധീഷ് |

## ആമുഖം

ബാനം ഗവ: ഹൈസ്കൂൾ കാസർഗോഡ് ജില്ലയിൽ കോടോം ബേളൂർ ഗ്രാമ പഞ്ചായത്തിലെ ബാനം എന്ന ഗ്രാമപ്രദേശത്ത് കുട്ടികൾക്ക് അക്ഷരവെളിച്ചം നല്കി വരുന്ന സരസ്വതി ക്ഷേത്രമാണ് . വിദ്യഭ്യാസ രം ഗത്തും കലാകായികരംഗത്തും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സ്കൂൾ ഐടി പഠന രംഗത്തും മികവുറ്റ പ്രവർത്തനങ്ങൾ നടത്തിവരികയാണ് . സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ 'അമിശാല' ഡിജിറ്റൽ മാഗസിൻ 2018–19 ഈയവസരത്തിൽ വായനക്കാർക്ക് മുമ്പിൽ സമർപ്പിക്കുകയാണ് . പോരായ്മകൾ തിരുത്തി ഇനിയും പുതിയ വിഭവങ്ങളുമായി വീണ്ടുമെത്തുമെന്ന് സൂചിപ്പിച്ചുകൊണ്ട് .........

പത്രാധിപസമിതിക്കുവേണ്ടി

# അഗ്നിസാക്ഷി

വായനാക്കുറിപ്പ്

**അനന്യ.കെ,** ക്ലാസ്സ് 9

**ലളിതാംബിക അന്തർജ്ജനം**

കൊല്ലം ജില്ലയിലെ കൊട്ടാരക്കരയ്ക്കടുത്ത് കോട്ടവട്ടത്ത് 1909 മാർച്ച് 30 ന് ജനിച്ചു.അച്ഛൻ മൂലം പ്രജാസഭാ മെമ്പറായിരുന്ന കോട്ടവട്ടത്തില്ലത്ത് കെ ദാമോദരൻ പോറ്റി. അമ്മ നങ്ങയ്യ അന്തർജ്ജനം. അന്തർജ്ജനത്തിൻെറ കൃതികൾക്ക് നിരവധി പുരസ്കാരങ്ങൾ ലഭിച്ചു.1987 ഫെബ്രുവരി 6 ന് അന്തരിച്ചു.

അഗ്നിയിൽ സ്ഫുടം ചെയ്തെടുത്ത ഒരു സ്ത്രീജീവിതത്തിൻെറ കഥ. ഒരു സമുദായത്തിൻെറയും സമൂഹത്തിൻെറയും രാഷ്ട്രത്തിൻെറയും ചരിത്രവും സംസ്കാരവും ആ ജിവിതത്തിൻെറ ഹോമാഗ്നിയാക്കി കൊണ്ട് ലളിതാംബിക അന്തർജ്ജനം അതുവരെയുള്ള ആഖ്യാനങ്ങളിൽ വേറിട്ട ഒരു നോവൽപ്പാത ഇവിടെ സൃഷ്ടിച്ചു.അവകാശങ്ങളും സ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ട് ഒരു ജയിൽപ്പുള്ളിപോലെ വീടിനുള്ളൽ ഒതുങ്ങികൂടേണ്ടി വരുന്ന നമ്പൂതിരി സ്ത്രീകളെയാണ് ഈ നോവലിലൂടെ നമുക്ക് കാണാൻ കഴിയുന്നത്.

ഓരോ മനുഷ്യൻെറ മാതാവാണ് ഭൂമി. ഓരോ മനുഷ്യനിലും ഓടുന്നത് ഓരേ രക്തമാണ് ഒരു നിറമാണ് രക്തത്തിന് ഉയർന്നവനെന്നും താഴ്ന്നവനെന്നും വേർതിരിച്ച് പിന്നെന്തിനാണ് ഈ ജാതിയും മതവും ജാതിയുടെ പേരിൽ വീട്ടിൽ നിന്നിറങ്ങാൻ പോലും കഴിയാതെ വീട്ടിലെ മൂലയിൽ തു കൂടുന്ന ഓരോ സ്ത്രീ കളുടേയും പ്രതിനിധിയാണ് അഗ്നിസാക്ഷി എന്ന നോവലിലെ ദേവീബഹൻ . തൊട്ടുകൂടായ്മയുടെ പേരിൽ സ്വന്തം അച്ചൻെറ ശവശരീരം പോലും കാണാനും തോടാനും അനുവദിക്കാത്ത ബ്രാഹ്മണ സമൂഹത്തിനും അന്ധവിശ്വാസങ്ങളും കോട്ടം ക്രൂരതയും നമുക്ക മുമ്പിൽ തുറന്നു കാട്ടുകയാണ് അന്തർജനം

ടൈപ്പിം ഗ്
അഞ്ജൽ കൃഷ്ണൻ.കെ.ബി,ക്ലാസ്സ് 9

**ഡയറി**

അനുഭവം

# ധനുമാസത്തിലെ സ്വപ്ന കുളിർ

**ആർദ്രാരജ്. എം**

ക്ലാസ്സ് : 8, ജി.എച്ച്. എസ്. ബാനം

ധനു മാസത്തിലെ ഏറെ തണുപ്പുള്ള ദിനമാണ് ഇന്ന്. ക്രിസ്തുമസ് അപ്പൂപ്പന്റെ ജന്മദിനമാണ് എന്ന് നാം വിശ്വസിക്കുന്ന ക്രിസ്തുമസ് ദിനം.

എനിക്കിന്ന് അതിയായ സന്തോഷമായിരുന്നു തണുപ്പുണ്ടെങ്കിലും അതിനെ വക വയ്ക്കാതെ ഞാൻ പുറത്തേക്കിറങ്ങി. സൂര്യന്റെ കിരണങ്ങൾ കാണുന്നതേയുള്ളൂ. വികൃതിയായ ഒരു കൊച്ചു തണുത്ത് കാറ്റ് എന്റെ മുടിയിഴകളെ തഴുകി എങ്ങോ പറന്നുപോയി.

ആ കാറ്റിൽ റോസാചെടിയിലെ ഇലകൾ മെല്ലെ ഒരു ന്രത്തം വച്ചു.ചില മൊട്ടുകൾ വിടരാതെ പച്ചപുതപ്പിൽ ഉറങ്ങുകയാണ്. അവയെ കണ്ടപ്പോൾ എനിക്ക് ദേഷ്യം വന്നു. ഞാൻ എന്റെ ക്രോധം അകറ്റാനായി എന്റെ വീടിനരികിലുള്ള മലയുടെ മുകളിൽ ചെന്നിരുന്നു. പല തരം പക്ഷികൾ മാനത്തിലൂടെ പറന്നകലുന്നു. ഞാൻ പ്രകൃതിയെ ആസ്വദിച്ചിരുന്നു.

അതിമനോഹരമായ കാഴ്ചകൾ ഞാൻ അവിടെയിരുന്നു കണ്ടു. പക്ഷി കൂട്ടുകാർ ഒരു നിമിഷം എന്റെ മുകളിലൂടെ പിറുപിറുത്തുകൊണ്ട് പറന്നകന്നു. ഞാനവരെ ശല്യപ്പെടുത്തി എന്ന് എനിക്ക് തോന്നി. അമ്മയുടെ വിളി കാറ്റിലൂടെ എന്റെ കാതിലെത്തി. ഞാൻ പുല്ലുകൾക്കിടയിലൂടെ വീട്ടിലേക്കോടി. അനുജത്തി എഴുന്നേറ്റ് മുറ്റത്തേക്കിറങ്ങുന്നതുകണ്ടപ്പോൾ ഞാനവളെ ശകാരിച്ചു. പ്രകൃതിയുടെ ഈ മനോഹാരിത കാണാൻ അവൾ ഉണ്ടായിരുന്നില്ലല്ലോ എന്ന് ഓർത്തപ്പോൾ എനിക്ക് വിഷമമായി.

ഒരു കുഞ്ഞുതേൻ കുരുവി ചെങ്കദളിയുടെ കൂമ്പിലെ പൂവിന്റെ തേൻ നുകരാനായി പറന്നുവരുന്നതായി ഞാൻ കണ്ടു. ഞാൻ മെല്ലെ ഒളിച്ചിരുന്നു. അവധിക്കാലമായതിനാൽ ഞാൻ വൈകിയാണ് പ്രഭാതഭക്ഷണം കഴിച്ചത്. ഇന്ന് യോഗ ക്ലാസ്സുണ്ടായിരുന്നു. ഞാൻ വേഗം ഒരുങ്ങി. 9 മണിക്ക് ഞാൻ വീട്ടിൽ നിന്ന് പുറപ്പെട്ടു. 9.30 നു എല്ലാവരും എത്തി. ഞങ്ങൾ 9.30 നു യോഗ തുടങ്ങി. പലതരത്തിലുള്ള യോഗകൾ ചെയ്തു. യോഗ കഴിഞ്ഞ് വീട്ടിലേക്ക് പോയി. ഉച്ച ഭക്ഷണം കഴിച്ചതിനുശേഷം ഉറക്കം എന്നെ തഴുകിയെത്തി.

സമയം പോയതറിഞ്ഞില്ല. വൈകുന്നേരത്തെ കളികൾക്കു ശേഷം സൂര്യൻ അസ്തമിക്കുന്നതു ഞാൻ കണ്ടു. സന്ധ്യാനാമം ചൊല്ലി ഞാൻ പുറത്തിറങ്ങി ആകാശത്ത് നോക്കി. തേങ്ങാപ്പൂളുപോലെ തിങ്കൾ ആകാശത്ത് പുഞ്ചിരിച്ചുകൊണ്ടിരിക്കുന്നു. മിന്നാമിന്നികൾ വെളിച്ചം പരത്തിക്കൊണ്ട് പാറിക്കടക്കുന്നു. നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നു. പല തരത്തിലുള്ള നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നു. പലതരത്തിലുള്ള നക്ഷത്രങ്ങൾ . എന്തു മനോഹരമായിരുന്നു. മഞ്ചാടിക്കുരുപോലെ നക്ഷത്രങ്ങൾ ആകാശത്ത് .... വായനയും ടി വിയും കണ്ട് കഴിഞ്ഞപ്പോൾ ഉറക്കം കണ്ണുകളെ തഴുകി.



## വായനാക്കുറിപ്പ്

ജിഷ്ണു. കെ. ക്ളാസ്സ് 9

# തെന്നാലി രാമൻ

പണ്ഡിറ്റ് എൻ.കൃഷ്ണൻ നായർ

ഈ കഥ എഴുതിയത് പണ്ഡിറ്റ് എൻ.കൃഷ്ണൻ നായരാണ്. എനിക്ക് ഈ കഥ ഇഷ്ടപ്പെട്ടു. സത്യസന്ധ്യത, ബുദ്ധിശക്തി തുടങ്ങിയവയ്ക്കൊപ്പം കൗശലവും ജീവിതവിജയത്തിനാവശ്യമാണ്. വഞ്ചനയും തട്ടിപ്പും നിറഞ്ഞ ഇന്നത്തെ ലോകത്തെ കൗശലമുള്ളവർ അതിജീവിക്കുന്നു. കൗശലങ്ങളുടെ രാജാവായ തെന്നാലിരാമന്റെ കഥകൾ കാലാതിവർത്തിയാണ്. അവയിൽ നിന്നും തിരഞ്ഞെടുത്ത ഏതാനും കഥകളാണ് ഈപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചിരിക്കാനും ചിന്തിക്കാനും പ്രേരിപ്പിക്കുന്ന ഈ കഥകൾ വായനക്കാരന് മുതൽക്കൂട്ടാണ്.

ടൈപ്പിം ഗ്

അഞ്ജന.കെ., ക്ലാസ്സ് 9

Poem

English

# THE FUNNY, LITTLE YELLOW MANGO

Ardra Raj 8th standard

The sweet little yellow mangoes
Fell from a tree one day
Both big mangoes rolled and rolled
Till they got far away
They rolled into a small bush
Right past three grass hoppers
They rolled right a wet muddly leaf
and over six smooth
They did'nt stop
They kept on going
Fast as a speeding train
Until they felt some, small, raining
Fall from the morning
They rolled into Lovely, new house
Where a fantastic made them dry
Then she put the two beautiful yellow  mangoes
Into her fruit salad.

Typing

Aswin Raj 9th st

<u>റിപ്പോർട്ടിംഗ്</u>
കെ. പവിത്രൻ മാസ്റ്റർ

## ബാനം ഗവ: ഹൈസ്കൂൾ

## ചരിത്രപൈതൃകമ്യൂസിയം
## ഒരു സ്വപ്ന സാക്ഷാത്ക്കാരം

ബാനം ഗവ: ഹൈസ്കൂളിൽ വിദ്യാർത്ഥികളുടേയും നാട്ടുകാരുടേയും അഭ്യുദയകാംക്ഷികളുടേയും അധ്യാപക-അധ്യാപകേതര ജീവനക്കാരുടേയും നിർലോഭമായ സഹകരണത്തോടെ കുട്ടികളുടെ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കി വരുന്ന ചരിത്രപൈതൃകമ്യൂസിയം ഈ വരുന്ന 26 ന് സ്കൂളിന് സമർപ്പിക്കും. സ്കൂൾ ഹെഡ്മിസ്ട്രസ്സ് ശ്രീമതി എം. രേഷ്മ, പിടിഎ പ്രസിഡണ്ട് ശ്രീ. പി. രാജീവൻ, മ്യൂസിയം കൺവീനർ ശ്രീ. കെ. പവിത്രൻ മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ അരങ്ങിലും അണിയറയിലുംകൈയ്യും മെയ്യും മറന്ന് നിരവധിയായ സേവന പ്രവർത്തനങ്ങൾ ചെയ്ത മുഴവൻ പേരുടേയും ഒരു സ്വപ്ന സാക്ഷാത്കാരം പൂവണിയുന്നതിന്റെ നിറവിലാണ് ബാനം സ്കൂൾ .

## ചരിത്രപൈതൃകമ്യൂസിയത്തിലെ അമൂല്യ ശേഖരം :



**Mutharikkallu** *Museum of History & Heritage, GHS Banam*

***Photography : Prapanch C Std 9***

# മുത്താറിക്കല്ല്

മുത്താറി പൊടിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നു. കരിങ്കല്ലുകൊണ്ടാണ് ഇത് നിർമ്മിച്ചിരിക്കുന്നത്.

***സംഭാവന :കെ കെ കുഞ്ഞിരാമൻ ബാനം***
***നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ***

# നുകം



***Nukam***

***Source : Museum of History & Heritage GHS Banam***

***Photography : Anjal Krishnan 9th std***

ഉരുക്കളെ (കാള, പോത്ത്) പരസ്പരം ബന്ധിക്കാൻ അവയുടെ കഴുത്തിൽ വച്ചുകെട്ടുന്ന മരത്തിന്റെ ഉപകരണമാണ് നുകം അല്ലെങ്കിൽ മേക്കാൽ.

***സംഭാവന : സി കെ ബാലചന്ദ്രൻ***
***ചെന്നക്കോട്***
***കുക്കൾ കുഞ്ഞമ്പുനായർ എടപ്പഴ***

## <u>എണ്ണത്തുടം</u>

എണ്ണ കോരിയെടുക്കാൻ ഉപയോഗിക്കുന്ന ഇരുമ്പ് കൊണ്ട് നിർമ്മിച്ച ഗോളാകൃതിയിലുള്ള ചെറിയ കോരിയാണിത്.

***സംഭാവന : രാജീവൻ ചെന്നക്കോട്***
***കാനത്തിൽ കുഞ്ഞിരാമൻ നായർ***

## <u>മന്ത്</u>

തൈര് കടയാൻ ഉപയോഗിക്കുന്ന മരം കൊണ്ടുണ്ടാക്കിയ ഉപകരണം.


***സംഭാവന : തമ്പായി പി വി വലിയ തടം,***
***ഉണ്ടച്ചിയമ്മ വലിയ തടം,സുകുമാരൻ സി ഇടപ്പുഴ,***
***ഗോപാലൻ ചെന്നക്കോട്***

## <u>കലപ്പ</u>

കാളകളെ ഉപയോഗിച്ച് നിലം ഉഴുതു മറിക്കുന്നതിനുള്ള, മരവും ഇരുമ്പും കൊണ്ടുണ്ടാക്കിയ ഉപകരണം.

***സംഭാവന : സി കെ ബാലചന്ദ്രൻ ചെന്നക്കോട്***

## <u>മരക്കളിപ്പാവ</u>



മരം കൊണ്ട് നിർമിച്ച കളിപ്പാവ.
ഇപ്പോൾ ഇതിനു പകരം പ്ലാസ്റ്റിക് കളിപ്പാവ ഉപയോഗിക്കുന്നു.

***സംഭാവന : ജയശ്രീ ബാനം***

## <u>മുറുക്കാൻ കല്ല്</u>



പല്ലില്ലാത്ത പ്രായമായവർക്കു വേണ്ടി മുറുക്കാൻ ആവശ്യമായ ചുണ്ണാമ്പു തേച്ച വെറ്റിലയും അടയ്ക്കാ കഷണങ്ങളും പുകയിലയും പൊടിക്കാൻ ഉപയോഗിക്കുന്ന, കരിങ്കല്ലുകൊണ്ട് ഉണ്ടാക്കിയ കുഴിയുള്ള കല്ലാണ് മുറുക്കാൻ കല്ല്.

***സംഭാവന:ദിവാകരൻ പി ,രാജീവൻ ചെന്നക്കോട്, സുകുമാരൻ സി ഇടപ്പുഴ***

## കാടിപ്പലക

കാടികളി എന്ന പേരിലുള്ള കളിയ്ക്കു വേണ്ടിയുള്ള ഒരു ഉപകരണം. കനമുള്ള പലകക്കഷണത്തിൽ 14 ചെറിയ കുഴികൾ ഉണ്ടായിരിക്കും. ചെറിയ മുത്തുകളോ മഞ്ചാടികളോ ഇതിൽ നിരത്തിയാണ് കളിക്കാറുള്ളത്. മരം കൊണ്ടും പിച്ചള കൊണ്ടും ഉണ്ടാക്കാറുണ്ട്.

*സംഭാവന: നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ*

*ഗോപാലൻ ചെന്നക്കോട്*

## ഉലക്ക

ഉരലിലിട്ട് ധാന്യങ്ങൾ പൊടിക്കുന്നതിനുള്ള ആയുധം. ധാന്യം കുത്തി ഉമി കളയുന്നതിനും ധാന്യം പൊടിക്കുന്നതിനും വേണ്ടി ഉപയോഗിക്കുന്ന ഒരു ദണ്ഡാണ് ഉലക്ക അഥവാ ഒലക്ക. ഉരലിലിട്ട് വസ്തുക്കൾ ഉലക്ക കൊണ്ട് ഇടിച്ചു പൊടിക്കുന്നു.

സംഭാവന: *രാധ വലിയ പടം,രാജീവൻ ചെന്നക്കോട്, കുഞ്ഞിരാമൻ കെ കെ, ലക്ഷ്മിയമ്മ ബിരുത്തൂർ, മുണ്ടാത്ത് കൃഷ്ണൻനായർ, ഉണ്ടച്ചിയമ്മ വലിയ തടം, രവീന്ദ്രൻ വലിയ തടം*

**തൊട്ടിൽ**

ശിശുക്കളെ കിടത്തി ഊഞ്ഞാലാട്ടുന്നതുപോലെ ആട്ടി ഉറക്കാൻ ഉള്ള ഉപകരണം. ഇത് മരം കൊണ്ട് നിർമ്മിച്ചതാണ്.
*സംഭാവന:ലക്ഷ്മിയമ്മ ബിരുത്തൂർ,കാർത്ത്യായനി ടി കെ ഇടപ്പുഴ,*
*നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ,*
*പുതുശ്ശേരി ഗോപാലൻ നായർ*

**നാഴി**

ധാന്യങ്ങളും മറ്റും അളക്കുന്നതിന് മുൻകാലങ്ങളിൽ കേരളത്തിൽ ഉപയോഗിച്ചിരുന്ന ഒരു ഏകകമാണ് നാഴി.മുള, മരം ,പിച്ചള ,ഓട്,ഇതര ലോഹങ്ങൾ എന്നിവയിൽ ഏതെങ്കിലും കൊണ്ടാണ് ഉണ്ടാക്കുക.ഒരു നാഴി 312 മില്ലിലിറ്ററിന് തുല്യമാണ്.
*സംഭാവന: നാരായണി പെരിങ്ങത്തടം,*
*ജയശ്രീ ബാനം, ജബ്ബാർ മൂലപ്പാറ*

**ചീനഭരണി**

ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കാൻ ഉപയോഗിച്ചിരുന്ന പ്രത്യേക മൺപാത്രങ്ങൾ. മൺ ഭരണികൾക്ക് പകരം സെറാമിക് ഭരണികൾ ചൈനയിൽ നിന്നാണ് ഇവിടെ പ്രചാരത്തിൽ വന്നത്. എണ്ണകൾ സൂക്ഷിക്കാനും മാങ്ങ നെല്ലിക്ക മുതലായവ ഉപ്പിലിട്ട് സൂക്ഷിച്ച് വെക്കാനും ഇത് ഉപയോഗിക്കുന്നു.
*സംഭാവന: നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ*

**മരി (ചെറുത്)**

സദ്യവട്ടത്തിന് തയ്യാറാക്കിയ കറികളും പായസവും മറ്റും വിളമ്പു പാത്രങ്ങളിലേക്ക് പകരുന്നതിന് ഉപയോഗിച്ചിരുന്ന ഉപകരണം. ഇത്

മരം കൊണ്ട് നിർമിച്ചതാണ്.
*സംഭാവന: ജയശ്രീ ബാനം*

## പറ

ധാന്യങ്ങൾ അളക്കുന്നതിന് കേരളത്തിൽ ഉപയോഗിച്ചിരുന്ന അളവുപാത്രം. മരം കൊണ്ട് നിർമ്മിച്ചതാണിത്. 10 ഇടങ്ങഴി ചേർന്നതാണ് ഒരു പറ.
*സംഭാവന: ലക്ഷ്മിയമ്മ ബിരുത്തൂർ,*
*കൂക്കൾ കുഞ്ഞമ്പു നായർ*

## ഇരിപ്പ പലക

ഇരിക്കാൻ ഉപയോഗിച്ചിരുന്ന മരംകൊണ്ടുള്ള പലക.
*സംഭാവന :നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ.*

## പാനീസ്

മുൻകാലങ്ങളിൽ കേരളീയർ ഉപയോഗിച്ചിരുന്ന മണ്ണെണ്ണ ഒഴിച്ച് കത്തിക്കുന്ന തരം വിളക്ക്.
*സംഭാവന:രജനി സുഭാഷ് ബാനം,*
*മുണ്ടാത്ത് കൃഷ്ണൻ നായർ*

## ചെമ്പുകുടം

വെള്ളം ശേഖരിച്ച് വെയ്ക്കാൻ ഉപയോഗിക്കുന്ന ചെമ്പ് കൊണ്ട് നിർമ്മിച്ച പാത്രം.
*സംഭാവന: നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ*

## മൺചട്ടി

ഭക്ഷണം പാകം ചെയ്യുന്നതിനും മറ്റും അടുക്കളയിൽ ഉപയോഗിക്കുന്ന മണ്ണുകൊണ്ടുണ്ടാക്കിയ ചട്ടി.

*സംഭാവന: നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ*

**<u>മൺകുടം</u>**

വാവട്ടം കുറഞ്ഞ് കഴുത്തിടുങ്ങി അതിനു താഴെയുള്ള ഭാഗം കൂടുതൽ വീർത്തുരുണ്ട പാത്രമാണ് വലിയ കുടം. വെള്ളം ശേഖരിച്ചു വയ്ക്കുന്നതിന് ഉപയോഗിക്കുന്നു. പഴുത്ത അടയ്ക്ക ഇട്ടു വെക്കുന്നതിനും ഉപയോഗിക്കാറുണ്ട്.

*സംഭാവന: നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ*

**<u>മങ്ങണം</u>**

മണ്ണുകൊണ്ടുള്ള ഒരുതരം പാത്രമാണ് മങ്ങണം.
മൺ കിണ്ണം എന്ന പദം ലോപിച്ച് മങ്ങണം ആയിത്തീർന്നതാവാം. കുശാല സമുദായത്തിൽപ്പെട്ടവരാണ് കുലത്തൊഴിലായി മങ്ങണം നിർമ്മിക്കുന്നത്.

*സംഭാവന: നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ*

***ചന്ദനക്കല്ല്***

ചന്ദനം അരയ്ക്കുന്നതിനു വേണ്ടിയുള്ള കരിങ്കല്ലു കൊണ്ടുള്ള പ്രത്യേക തരം കല്ല്.

*സംഭാവന: നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ*

***സാക്ഷ***

ജനാലകളും വാതിലുകളും ബന്ധിച്ചു സുരക്ഷിതമാക്കുന്നതിന് വേണ്ടി നിർമ്മിച്ച മരം കൊണ്ടുള്ള ഉപകരണം

*സംഭാവന: നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ,*
*രവീന്ദ്രൻ വലിയ തടം*

***കിണ്ണം***

അടുക്കളയിൽ അരി കഴുകാനും ഭക്ഷണം കഴിക്കാനും ഉപയോഗിക്കുന്ന പാത്രമാണ് കിണ്ണം. ഓട് ഉപയോഗിച്ചാണ് ഇത് നിർമ്മിക്കുന്നത്.

*സംഭാവന: കുഞ്ഞിരാമപ്പൊതുവാൾ വലിയതടം*

***ഓലങ്കം***

നീണ്ട പിടിയുള്ള ചിരട്ട നെടുകെ മുറിക്കാതെ, തലഭാഗം മാത്രം വട്ടത്തിൽ മുറിച്ചെടുത്ത് വെള്ളം കോരിയെടുക്കാൻ പ്രത്യേകം തയ്യാറാക്കിയ തവി. ചെമ്പു കൊണ്ടും പഴയ കാലത്ത് ഇത് നിർമ്മിച്ചിരുന്നു.
*സംഭാവന: നാരായണി വലിയതടം*

***റാന്തൽ***

രാത്രികാലങ്ങളിൽ വെളിച്ചത്തിനുവേണ്ടി ഉപയോഗിച്ചിരുന്ന ഒരു വിളക്കാണ് റാന്തൽ. കാറ്റിലും കെടാതെ കത്തുന്ന തരത്തിലാണ് ഇതിന്റെ നിർമ്മാണരീതി
*സംഭാവന: കാർത്ത്യായനി ടി കെ എടപ്പുഴ,*
*നാരായണി ബാനം, ഗോപാലകൃഷ്ണൻ മുണ്ട്യാനം*

***ഓട്ടുചിമ്മിണിക്കൂട്***

ഓട്ടു കൊണ്ട് നിർമിച്ച മണ്ണെണ്ണ ഒഴിച്ച് കത്തിക്കുന്ന
വിളക്ക്.
*സംഭാവന: നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ,കുക്കൾ കുഞ്ഞമ്പു നായർ ഇടപ്പുഴ,ഗോപാലൻ ചെന്നക്കോട്*

***തവി***

ആഹാര സാധനങ്ങളും മറ്റും കോരിയെടുക്കാൻ ഉപയോഗിക്കുന്നത്. മരം കൊണ്ട് നിർമ്മിച്ചത്. ഇപ്പോൾ സ്റ്റീൽ അലൂമിനിയം മുതലായ ലോഹങ്ങൾ കൊണ്ടുള്ള തവികളാണ് കൂടുതലുള്ളത്.
*സംഭാവന:*

***താഴ്***

വാതിലുകൾ പൂട്ടി ഭദ്രമാക്കാനുള്ള ഇരുമ്പുകൊണ്ട് നിർമ്മിച്ച ഉപകരണം

*സംഭാവന: നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ,*
*കാർത്യായനി ഇടപ്പുഴ*

**അരിക്കരിയ**

കാസർഗോഡ് ജില്ലയുടെ ചില ഭാഗങ്ങളിൽ പണ്ടുകാലത്ത് അരി കഴുകുന്നതിന് വേണ്ടി ഈറ്റ കൊണ്ട് പ്രത്യേകം നിർമ്മിച്ച ഉപയോഗിച്ചിരുന്ന ഒരു പാത്രമാണ്അരിക്കരിയ.
*സംഭാവന: നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ*

**പറവടി**

പറയിൽ നിറച്ച ധാന്യങ്ങൾ പറയുടെ മുകൾ ഭാഗത്ത് കൂടി വലിച്ച കൃത്യമായി അളക്കുന്നതിന് വേണ്ടി ഉപയോഗിച്ചിരുന്ന മരം കൊണ്ടുണ്ടാക്കിയ
ഉരുണ്ട നീളത്തിലുള്ള വടി.
*സംഭാവന നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ*

**ഇരുമ്പ് പിഞ്ഞാണം**

ഇരുമ്പ് കൊണ്ട് നിർമ്മിച്ചത്. ചെറിയ കുഴിയുള്ള, ഭക്ഷണം വിളമ്പി കഴിക്കാനുള്ള പാത്രമാണിത്.
*സംഭാവന നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ .*

**ഭസ്മക്കൊട്ട**

ചില കേരളീയ ഭവനങ്ങളിൽ ഉപയോഗിച്ചിരുന്ന ഒരു തരം മരം കൊണ്ടുണ്ടാക്കിയ പാത്രമാണ് ഭസ്മക്കൊട്ട. അനുഷ്ഠാനപരമായി ശരീരത്തിൽ പൂശുന്നതിനുള്ള ഭസ്മം ശേഖരിച്ച് വയ്ക്കുന്നതിനാണ് ഇത് ഉപയോഗിക്കുന്നത്.
*സംഭാവന: ലക്ഷ്മി എം കെ വലിയ തടം,*
*നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ*

***പത്തായ അടപ്പ്***

പത്തായം അടച്ചു ഭദ്രമാക്കുന്നതിന് വേണ്ടി നിർമ്മിച്ച താഴോട്ടു കൂടിയ പലക.
*സംഭാവന: നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ*

***ആമാടപ്പെട്ടി***

ആഭരണങ്ങൾ സൂക്ഷിക്കാൻ ഉപയോഗിച്ചിരുന്ന ഒരു പെട്ടി. ഫ്രഞ്ചുകാർ കൊണ്ടുവന്ന ഒരു പൊൻ നാണയമാണ് armada എന്ന പേരിലറിയപ്പെട്ട വിൽക്കാശ്. ഇത് സൂക്ഷിക്കുന്ന പെട്ടിയായിരുന്നു ആമാടപ്പെട്ടി.
*സംഭാവന: നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ*

***തുമ്മാൻ കുരിയ***

വെറ്റില,അടയ്ക്ക,ചുണ്ണാമ്പ്,പുകയില തുടങ്ങിയ മുറുക്കാനുള്ള സാധനങ്ങൾ ഇട്ടു വയ്ക്കുന്ന പാത്രം
*സംഭാവന: നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ.*

***കൺമഷി ചിരട്ട പിഞ്ഞാണം***

ഇതൊരു ചിരട്ട പാത്രമാണ് .ഈ ചിരട്ടയിൽ കരി ശേഖരിച്ച് കൺമഷി ആക്കി ഉപയോഗിച്ചിരുന്നു.

**താഴും താക്കോലും**

വാതിലുകൾ താഴിട്ടു പൂട്ടാനും തുറക്കാനും ഇരുമ്പു കൊണ്ടുണ്ടാക്കിയ ഉപകരണം.
സംഭാവന: നാരായണി പി ഇടപ്പുഴ,
ഗീതടീച്ചർ, കാർത്യായനി ഇടപ്പുഴ

**ഏറ്റുകൊമ്പ്**

കള്ളുചെത്തുന്നതിനുവേണ്ടി ഉപയോഗിച്ചിരുന്ന
പോത്തിന്റെ കൊമ്പ്.
*സംഭാവന കെ കെ രാഘവൻ വലിയതടം*

*മുറം*

ഒരു കേരളീയ വീട്ടുപകരണം. അരി,പയർവർഗങ്ങൾ തുടങ്ങിയവ ഭക്ഷണവസ്തുക്കളിലെ മാലിന്യങ്ങൾ കളഞ്ഞു വൃത്തിയാക്കുന്നതിന് വേണ്ടിയാണ് മുറം ഉപയോഗിക്കുന്നത്.

**തട്ട**

പശു,കാള,എരുമ പോത്ത് എന്നിവയുടെ കഴുത്തിൽ കെട്ടിയിരുന്ന മരത്തിന്റെ മണി. കട കട ശബ്ദം ഉണ്ടാക്കുന്നതിനാൽ മേയ്ക്കാൻ കൊണ്ടുപോവുമ്പോൾ കൂട്ടംതെറ്റിയാൽ കണ്ടെത്താൻ എളുപ്പമാണ്.
*സംഭാവന: കുക്കൾ കുഞ്ഞമ്പുനായർ ഇടപ്പുഴ*

***മുറുക്കാൻ ഉരൽ***

അടയ്ക്ക, വെറ്റില ,പുകയില എന്നിവ ഇടിക്കുന്നതിനു വേണ്ടിയുള്ള കല്ലുകൊണ്ടുള്ള ഉപകരണം.
*സംഭാവന: കുക്കൾ കുഞ്ഞമ്പുനായർ ഇടപ്പുഴ.*

***ഓടുതാങ്ങി***

മൂലയോട് വീഴാതെ താങ്ങിനിർത്തുന്ന ഇരുമ്പുകൊണ്ടുള്ള ഉപകരണം.
*സംഭാവന: കാർത്യായനി ടി കെ ഇടപ്പുഴ*

***ഉരി***

പഴയ കാലത്ത് ഉപയോഗിച്ചിരുന്ന ഒരു അളവ് ഉപകരണം.ധാന്യങ്ങൾ അളക്കാൻ ഉപയോഗിച്ചിരുന്ന നാഴിയുടെ പകുതിയാണ് ഉരി.

*സംഭാവന: നാരായണി പെരിങ്ങത്തടം*

***പണപ്പെട്ടി***

ആഭരണങ്ങളും പണവും സൂക്ഷിക്കാനുപയോഗിക്കുന്ന ഇരുമ്പുകൊണ്ടുള്ള പെട്ടി.
*സംഭാവന: രവീന്ദ്രൻ വലിയതടം,*
*മാധവൻ നായർ മുണ്ട്യാനം*

***പീഠം***

നാല് കാലുകളുള്ള,ഒരാൾക്ക് മാത്രം ഇരിക്കാൻ പറ്റുന്ന മരംകൊണ്ടുണ്ടാക്കിയ ഉപകരണം
*സംഭാവന: മാധവൻ നായർ മുണ്ട്യാനം*

***ഇടങ്ങഴി***

മരംകൊണ്ട് നിർമിച്ച ഒരു അളവ് പാത്രമാണ് ഇടങ്ങഴി.വൃത്താകൃതിയിലാണ് ഇത് നിർമ്മിച്ചിരിക്കുന്നത്.നാല് നാഴി ചേർന്നതാണ് ഒരു ഇടങ്ങഴി. 10 ഇടങ്ങഴി ചേർന്നാൽ ഒരു പറയാകും.
*സംഭാവന: ലക്ഷ്മി എം കെ വലിയതടം,ഗോപാലകൃഷ്ണൻ മുണ്ട്യാനം,കാനത്തിൽ കുഞ്ഞിരാമൻ നായർ,*
*അബ്ദുൾ ഖാദർ മൂലപ്പാറ*

***നിലംതല്ലി***

നിലം കിളച്ച് നിരപ്പാക്കിയ ശേഷം തല്ലി ഉറപ്പാക്കാൻ ഉപയോഗിച്ചിരുന്ന മരംകൊണ്ടുള്ള ഉപകരണം.കൈപ്പിടിയും പരന്ന മുൻഭാഗവുമാണ് ഉണ്ടാവുക. സാധാരണയായി ഉറപ്പുള്ളതും കീറിപ്പോകാത്തതുമായ മരത്തടികളാണ് ഇതിന് ഉപയോഗിക്കുക.
*സംഭാവന: ഗോപാലകൃഷ്ണൻ മുണ്ട്യാനം,*
*മുണ്ടാത്ത് കൃഷ്ണൻനായർ ഒറവുംകര*

***ശംഖ്***

മതപരമായ പ്രാധാന്യമുള്ളതും വിവിധ ചടങ്ങുകൾക്ക് ഉപയോഗിക്കപ്പെടുന്നതുമായ ഒരുതരം കക്കയാണ് ശംഖ്.ഇന്ത്യൻ മഹാസമുദ്രത്തിൽ കാണപ്പെടുന്ന ടെർമിനല്ല പയ്റം എന്ന ഒരിനം ഇരപിടിയൻ കടൽ ഒച്ചിന്റെ തോടാണ് ഇങ്ങനെ ഉപയോഗിക്കുന്നത്.
*സംഭാവന: രാഘവൻ കെ കെ വലിയ തടം,*
*കാനത്തിൽ കുഞ്ഞിരാമൻ നായർ*

***പെട്രോമാക്സ്***

മണ്ണെണ്ണ ഉപയോഗിച്ച് കത്തുന്ന, ഉയർന്ന മർദ്ദത്തിലുള്ള റാന്തലിന്റെ ഒരു ബ്രാൻഡ് നാമമാണ് പെട്രോമാക്സ്. മാന്റിൽ എന്ന തരം തിരിയാണിതിൽ ഉപയോഗിക്കുന്നത്. പാരഫിൽ ലാമ്പ്,കോൾമാൻ ലാമ്പ് എന്നീ പേരുകളിലും അറിയപ്പെടുന്നു.
*സംഭാവന: ഗോപാലകൃഷ്ണൻ മുണ്ട്യാനം,*
*കീത്തോൽ കുഞ്ഞിക്കണ്ണൻ നായർ*

***മരി (വലുത്)***

സദ്യ വട്ടത്തിനു തയ്യാറാക്കിയ കറികളും പായസവും സൂക്ഷിക്കുന്നതിന് ഉപയോഗിച്ചിരുന്ന മരം കൊണ്ടുള്ള വലിയ ഉപകരണം
*സംഭാവന: ചെരക്കര കോരൻ*

***ഉലക്കക്കുണ്ട്***

പഴയ കാലത്ത് ധാന്യങ്ങളും മറ്റും കുത്താനും പൊടിക്കാനും ഉപയോഗിച്ചിരുന്ന കരിങ്കല്ല്കൊണ്ട് നിർമ്മിച്ച ഒരു ഉപകരണമാണിത്.
*സംഭാവന: ഉണ്ടച്ചിയമ്മ വലിയതടം*

***അടിച്ചൂറ്റി***

കഞ്ഞിവെച്ച ശേഷം പാത്രം അടച്ച് കഞ്ഞിവെള്ളം ഊറ്റിക്കളയാനുള്ള വൃത്താകൃതിയിലുള്ള
മരപ്പലക കൊണ്ടുള്ള ഉപകരണം.
*സംഭാവന: രാധ വലിയതടം,നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ*

***തുടങ്ക്***

മരത്തിന്റെ മുകളിലും മറ്റും കയറുമ്പോൾ കത്തി സുരക്ഷിതമായി അരയിൽ കെട്ടി തൂക്കി സൂക്ഷിക്കുന്നതിന് വേണ്ടി ചൂടിക്കയറും ഇരുമ്പും കൊണ്ട് ഉണ്ടാക്കിയ ഉപകരണം.
*സംഭാവന: ഉണ്ടച്ചിയമ്മ വലിയതടം*

***ഓഡിയോ കാസറ്റ്***

ശബ്ദങ്ങൾ റെക്കോർഡ് ചെയ്യുന്നതിനും അവ ടേപ്പ് റെക്കോർഡറിൽ ഇട്ട് വീണ്ടും കേൾക്കുന്നതിനുള്ള ഒരു അനലോഗ് മാഗ്നറ്റിക് ടേപ്പ്.
*സംഭാവന: പവിത്രൻ മാസ്റ്റർ*

***റേഡിയോ***

പഴയകാലത്ത് വ്യാപകമായി ഉപയോഗിച്ചിരുന്ന ഫിലിപ്സ്റേഡിയോ.
*സംഭാവന: മുണ്ടാത്ത് കൃഷ്ണൻനായർ ഒറവുംകര*

***തുമ്പോട്ടി (കൈ നിലംതല്ലി)***

ഒരു തരം ചെറിയ നിലംതല്ലി. തുമ്പ്(വരമ്പ്) കൊട്ടി ഉറപ്പിക്കുന്നതിനു വേണ്ടിയുള്ള ചെറിയ വലുപ്പത്തിലുള്ള മരം കൊണ്ടുള്ള ഉപകരണം.
*സംഭവന: മുണ്ടാത്ത് കൃഷ്ണൻനായർ ഉറവുംകര,*
*അബൂബക്കർ പരപ്പ*

***തെരിയ***

കലം പോലുള്ള പാത്രങ്ങൾ നിരപ്പായ തറയിൽ ഉറപ്പിച്ച വെയ്ക്കാൻ

ഉപയോഗിച്ചിരുന്ന സംവിധാനം.വാഴയില വൈക്കോൽ,കാട്ടുവള്ളികൾ, ചൂടിക്കയർ എന്നിവയിലേതെങ്കിലും വൃത്താകൃതിയിൽ ചുറ്റിയെടുത്ത് മെടഞ്ഞാണ് തെരിയ ഉണ്ടാക്കുന്നത് .
*സംഭാവന: മാധവൻ നായർ മുണ്ട്യാനം,*
*ഗിരീശൻ കണ്ടത്തുംമൂല*

### *അമ്മിക്കല്ല്*

കറികൾക്കും ചമ്മന്തിക്കും മറ്റും ആവശ്യമായ തേങ്ങ മുളക് തുടങ്ങിയവ അരച്ചെടുക്കാൻ ഉപയോഗിക്കുന്ന കരിങ്കല്ലുകൊണ്ട് നിർമിക്കപ്പെട്ടിരിക്കുന്ന ഒരു അടുക്കള ഉപകരണമാണ് അരകല്ല്. ഇതിന്
അമ്മിക്കല്ല് എന്നും പേരുണ്ട് .
*സംഭാവന: ഗോപാലകൃഷ്ണൻ മുണ്ട്യാനം*

### *റാത്തൽ*

റാത്തൽ (445 ഗ്രാം) അളവിൽ തൂക്കം കണ്ടുപിടിക്കാൻ ഉപയോഗിച്ചിരുന്ന,ലോഹം കൊണ്ടും കരിങ്കല്ലുകൊണ്ട് നിർമ്മിച്ച തൂക്കിയിടാനുള്ള ദ്വാരങ്ങളുള്ള ഉപകരണം.തട്ടില്ലാത്ത ത്രാസ് ഉപയോഗിച്ചാണ് തൂക്കുക. റാത്തൽ പല അളവുകളിൽ ഉണ്ട്.
*സംഭാവന: ചെരക്കര കോരൻ*

### *ഗ്രന്ഥഫലക (സരസ്വതി പീഠം)*

പണ്ടു കാലത്ത് പുരാതന ഗ്രന്ഥങ്ങൾ വെച്ച് വായിക്കാൻ ഉപയോഗിച്ചിരുന്ന,മരംകൊണ്ട് ഗുണനചിഹ്നാകൃതിയിൽ നിർമ്മിച്ച ഉപകരണം
*സംഭാവന: പി രാജീവൻ ബാനം*

### *തൂക്ക് വിളക്ക്*

ഓട് കൊണ്ട് നിർമ്മിച്ച തൂക്കിയിടുന്ന ഒരുതരം വിളക്ക്.ഇരുമ്പു കൊണ്ടും

ചെമ്പു കൊണ്ടും നിർമ്മിക്കാറുണ്ട്
*സംഭാവന: ചെരക്കര കോരൻ*

### ***ഓട്ടുഗ്ലാസ്***

ഓട് കൊണ്ട് നിർമ്മിച്ച,പഴയ കാലത്ത് പാനീയങ്ങൾ കുടിക്കാൻ ഉപയോഗിച്ചിരുന്ന ഗ്ലാസ്സ്.
*സംഭാവന: നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ*

### ***മെതിയടി (മൗവടി)***

മരംകൊണ്ട് നിർമിച്ച പഴയകാല പാദരക്ഷ (ചെരുപ്പ്).
3 സെ മീ. വീതിയുള്ള മരക്കഷണത്തിൽ മുൻവശത്തായി ഉയരമുള്ള ഒരു കുറ്റി ഉണ്ടാവും (കുരുട്).പെരുവിരലിന്റേയും അതിനടുത്തുള്ള വിരലിന്റേയും ഇടയിലായി കുരുട് ഇറുക്കി പിടിച്ചാണ് നടക്കുക.കുമ്പിൾ മരം കൊണ്ടാണ് പഴയകാലത്ത് മെതിയടി നിർമ്മിച്ചിരുന്നത്.
*സംഭാവന: പാച്ചേനി കൃഷ്ണൻ ബാനം*

### ***ഇസ്തിരിപ്പെട്ടി***

മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്ന ചിരട്ടക്കനൽ കൊണ്ട്ചൂടാവുന്ന ഇസ്തിരിപ്പെട്ടി.വസ്ത്രങ്ങളിൽ ഉള്ള ചുളിവുകൾ താപസഹായത്താൽ നിവർത്താൻ ഉപയോഗിക്കുന്ന ഉപകരണമാണ് ഇസ്തിരിപ്പെട്ടി.
*സംഭാവന: മുണ്ടാത്ത് കൃഷ്ണൻ നായർ,ഏലിയാമ്മ ടീച്ചർ*

### ***കൊണ്ടോടി***

കന്നുകാലികളുടെ കഴുത്തിൽ ചുറ്റിയിരിക്കുന്ന കയറും,കുറ്റിയിൽ കെട്ടുന്ന കയറും ബന്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള മരംകൊണ്ട് നിർമിച്ച 8 ന്റെ ആകൃതിയിലുള്ള ഉപകരണം.
*സംഭാവന: കുക്കൾ കുഞ്ഞമ്പുനായർ ഇടപ്പുഴ*

### ***മണ്ണെണ്ണ സ്റ്റൗ***

മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഇരുമ്പു കൊണ്ടുണ്ടാക്കിയ സ്റ്റൗ. ഭക്ഷണം പാകം ചെയ്യുന്നതിന് ഉപയോഗിക്കുന്നു.
*സംഭാവന: നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ,*
*മുണ്ടാത്ത് കൃഷ്ണൻനായർ ഒറവുംകര*

### *ഇരുവാൽക്കിണ്ടി വിളക്ക്*

ഒരു തരം മണ്ണെണ്ണ വിളക്ക്.കിണ്ടിയുടെ ഇരുവാലിലും തിരിമുറുക്കി മണ്ണെണ്ണ ഒഴിച്ച് ഇരുവാലിലും തീ കത്തിച്ച് വീടുകളിൽ ഉപയോഗിക്കുന്ന പ്രത്യേകതരം വിളക്ക്.
*സംഭാവന: ചൂരിക്കാട് തമ്പായി അമ്മ*

### *ടോർച്ച് (ഞെക്കു വിളക്ക്)*

പഴയകാലത്ത് വഴി യാത്ര ചെയ്യുമ്പോൾ വെളിച്ചത്തിന് വേണ്ടി ഉപയോഗിച്ചിരുന്ന ഉപകരണം.ലോഹം കൊണ്ട്നിർമ്മിച്ച ഉപകരണത്തിൽ രണ്ടോ മൂന്നോ ബാറ്ററികളും ബൾബും ഉപയോഗിച്ച് പ്രവർത്തിക്കുന്നു.
*സംഭാവന: നാരന്തട്ട കുഞ്ഞമ്പു നമ്പ്യാർ,*
*മുണ്ടാത്ത് കൃഷ്ണൻ നായർ*

### *ആട്ടുകല്ല്*

കരിങ്കല്ലിൽ നിർമ്മിച്ച ഒരു അടുക്കള ഉപകരണമാണ് ആട്ടുകല്ല്.ദോശ,ഇഡ്ഡലി തുടങ്ങിയ പലഹാരങ്ങൾ ഉണ്ടാക്കുന്നതിനുള്ള മാവ് അരച്ചെടുക്കുന്നതിനാണ് ഇതുപയോഗിക്കുന്നത്.വൃത്താകൃതിയിലുള്ള ഒരു കുഴിയുള്ള കല്ലും ആ കുഴിയിലിട്ട് തിരിക്കുന്നതിനുള്ള സ്തൂപാകൃതിയിലുള്ള മറ്റൊരു കല്ലുമാണ് ഇതിന്റെ ഭാഗങ്ങൾ
*സംഭാവന: സത്താർ മൂലപ്പാറ*

### *കടുപ്പെട്ടി*

കടുക് പോലുള്ള  സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള
 മരം കൊണ്ട് നിർമ്മിച്ച  പെട്ടി
*സംഭാവന:        കെ കെ കുഞ്ഞിരാമൻ  വലിയതടം,*
*ജിജി വി വി ബാനം*

***കൊണ്ട***

ഒരുതരം പഴയകാല അളവു പാത്രമാണ് കൊണ്ട.നെയ്യ്,കള്ള്, പാൽ എന്നിവ അളക്കാനാണ്
ഇത് ഉപയോഗിച്ചിരുന്നത്.
*സംഭാവന: കാനത്തിൽ കുഞ്ഞിരാമൻ നായർ*

***കണ്ണാടി***

പഴയ കാലത്ത് ഉപയോഗിച്ച ഒരിനം കണ്ണാടി
*സംഭാവന:മുണ്ടാത്ത് കൃഷ്ണൻനായർ ഒറവുംകര*

***സഞ്ചി (ബാസ്കറ്റ്)***

പ്ലാസ്റ്റിക് വള്ളികൾ കൊണ്ട് നിർമിച്ച ഒരിനം സഞ്ചി.പഴയകാലത്ത് സാധനങ്ങളും മറ്റും വാങ്ങാൻ ഉപയോഗിച്ചിരുന്നു.
*സംഭാവന: മുണ്ടാത്ത് കൃഷ്ണൻനായർ ഒറവുംകര*

***അമ്മിക്കുട്ടി***

ദീർഘചതുരാകൃതിയിലുള്ള അരകല്ലിൽ അരയ്ക്കാൻ ഉപയോഗിക്കുന്ന നീണ്ടുരുണ്ട കല്ലാണ് അമ്മിക്കുട്ടി.കുഴവി,പിള്ളക്കല്ല്,അമ്മിപ്പിള്ള
എന്നീ പേരുകളിലും അറിയപ്പെടുന്നു.
*സംഭാവന:  മുണ്ടാത്ത് കൃഷ്ണൻനായർ ഒറവുംകര*

***ഇടിയപ്പം അച്ച്***

മരവും അലുമിനിയവും കൊണ്ട് നിർമ്മിച്ച ഇടിയപ്പം ഉണ്ടാക്കുന്നതിനുള്ള പ്രത്യേകതരം അച്ച്.
*സംഭാവന:        അബ്ദുൾ റഷീദ് മൂലപ്പാറ*

# രാമേട്ടൻ

ടി.പത്മനാഭൻ

വായനാക്കുറിപ്പ്

**അനന്യ.വി.ജെ,** ക്ലാസ്സ് 9

ടി.പത്മനാഭന്റെ രാമേട്ടൻ എന്ന കഥയാണിത് 1931–ൽ കണ്ണൂരിനടുത്ത് പള്ളിക്കുന്നിൽ ജനിച്ചു. ഗൗരി,കടൽ,സാക്ഷി,നളികാന്തി എന്നിവ പ്രധാന കൃതിയാണ്.

ഒരു പ്രവാസിയുടെ ജീവിത കഥയാണിത്.രാമേട്ടൻ എന്ന പ്രവാസി. അയാൾ ഒരു ദിവസം നാട്ടിലേക്ക് വരുന്നു അയാളുടെ ഒരു വിനോദമായിരുന്നു. മാവിൻ തൈകൾ നടുക എന്നത് പിന്നീട് രാമേട്ടൻ നാട് വിടുകയും നട്ട മാവിൻ തൈകൾ വളർന്ന് വലുതാകുകയും ചെയ്യുന്നു. അത് രാമേട്ടന്റെ ഓർമ്മയ്ക്ക് ആയി നിലകൊള്ളുന്നു.

രാകി മിനുക്കി തിളക്കമാർന്ന വാക്കുകൾ കൊണ്ട് രചിക്കപെട്ട ഉൾക്കനമുള്ള കഥയാണിത് സ്നേഹത്തിന്റെയും,ഹൃദയ വ്യഥകളുടെയും കഥകൾ. ഈ കഥ നമ്മെ കണ്ണീർക്കണങ്ങൾ കൊണ്ട് നിറയ്ക്കുന്നുണ്ട്.

ഇതിലെ കേന്ദ്ര കഥാപാത്രമാണ് രാമേട്ടൻ. ഒരു കുട്ടിയും ഇതിലെ പ്രധാന കഥാപാത്രമാണ്. ആ കുട്ടിക്ക് രാമേട്ടനെക്കുറിച്ചുള്ള ഓർമ്മയാണ് ഈ കഥ അവന് ഷർട്ടിന്റെ തുണി വാങ്ങിക്കൊടുത്തതും എല്ലായിടത്തും കൊണ്ടുപോയതും എല്ലാം അവനോർക്കുന്നു. അവൻ വളർന്ന് ഉദ്യോഗസ്ഥനായി . ഒരു ദിവസം നടക്കാൻ ഇറങ്ങിയപ്പോൾ മാവിൻ ചുവട്ടിൽ കുട്ടികൾ കളിച്ചുകൊണ്ട് ഇരിക്കുകയാണ് . ഇത് കണ്ടപ്പോൾ അവന് എന്തെന്നില്ലാത്ത സന്തോഷം തോന്നി . അതിന്റെ തടിയിലും ചില്ലകളിലും സ്നേഹപൂർവ്വം കൈവച്ചുതിന്നപ്പോൾ രാമേട്ടനെ തൊടുന്നതുപോലെ തോന്നി. എനിക്ക് ഈ കഥ വളരെയധികം ഇഷ്ടപ്പെട്ടു.

ടൈപ്പിം ഗ്

ബബിജിത്ത് .ബി, ക്ലാസ്സ് 9

**ലേഖനം**

# പ്രകൃതി അന്നും ഇന്നും

**പരിസ്ഥിതി**

**ശ്രീജിത.എൻ.കെ**
ക്ലാസ്സ് 8, ജി. എച്ച്. എസ്. ബാനം

നമ്മുടെ കൊച്ചുകേരളം ഹരിതമാണ്. പച്ചവിരിച്ച പുൽമേട്ടകളും കളം കളം പാടിയൊഴുകുന്ന പുഴകളും പൂന്തോട്ടവും എത്ര മനോഹരമാണീ കൊച്ചുകേരളം.

പൂക്കളിലേക്ക് തേൻ നുകരാൻ എത്തുന്ന വർണ്ണഭംഗിയാർന്ന ചിത്രശലഭങ്ങൾ. കാറ്റത്ത് നൃത്തം ചെയ്യുന്ന മരത്തിൻ മുകളിലിരുന്ന് പാട്ട് പാടുന്ന കുയിലുകളും മറ്റു പക്ഷികളും. ഓലയിൽ നിന്ന് ആടുന്ന കൂട്ടിൽ ഓലഞ്ഞാലി കുരുവികൾ, പാറമുകളിൽ നിന്ന് നൃത്തം ചെയ്യുന്ന വർണ്ണഭംഗിയാർന്ന നിറങ്ങളുള്ള മയിലുകൾ. പുഴകളിൽ നിന്ന് തുള്ളിക്കളിക്കുന്ന പച്ചതവളകളും ചെറുമീനുകളും.

പക്ഷേ ഇപ്പോൾ പ്രകൃതി മലിനമായിപ്പോയി. മലിനമായ ജലാശയത്തിൽ മീനുകൾ ചത്തൊടുങ്ങി. ഭൂമിയാകെ മലിനമായി. വെയിലത്ത് മരത്തിൻെറ ചുവട്ടിൽ ഒരു തണലുകിട്ടാൻ നിൽക്കുകയാണ് മനുഷ്യർ. പക്ഷേ മരങ്ങൾ മുറിച്ച് തണലും കുറഞ്ഞു, വെള്ളവും കുറഞ്ഞു. പക്ഷി മൃഗാദികളുടെ ആവാസവ്യവസ്ഥകൾ തകർന്നു. പച്ച വിരിച്ച വയലുകൾക്ക് പകരം വലിയ ഫ്ലാററുകളും കെട്ടിടങ്ങളും. എങ്ങും തകർന്നു പോയ ഈ ഭൂമിയെ ഇനി പഴയ ഭൂമിയാക്കാൻ പറ്റുമോ?

വായനാക്കുറിപ്പ്

# എച്ചിൽ ജീവിതം

**ശ്രീലക്ഷ്മി. എ.** ക്ളാസ്സ് 9

**വേണു കള്ളാർ**

**"എച്ചിൽ ജീവിതം"** എന്ന പുസ്തകം എഴുതിയത് വേണു കള്ളാർ ആണ്. ഇദ്ദേഹം കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമത്തിൽ 1969 –ൽ ജനിച്ചു. അച്ഛൻ പരേതനായ മുല്ലച്ചേരി കൃഷ്ണൻ നായർ . അമ്മ തുളിച്ചേരി മാണിയമ്മ.

ചത്ത പശുക്കളുടെ മാംസവും എച്ചിലും തിന്ന് അതിജീവിച്ച ഗോത്രമൂപ്പൻെറ കറുത്ത ജീവിത രേഖയാണ് ഈ പുസ്തകത്തിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. കൂടാതെ വംശനാശത്തെ അതിജീവിക്കാൻ ജീവിതത്തോടും മരണത്തോടും പൊരുതിക്കൊണ്ടിരിക്കുന്ന കൊറഗ ഗോത്രത്തിൻെറ കാരണവരായിരുന്ന വെള്ളുമൂപ്പൻെറ കറുത്ത ഓർമകളും എച്ചിൽ മണമുള്ള അനുഭവങ്ങളും എൾപ്പെടുത്തിയ കഥയാണിത്.

വംശനാശത്തെ നേരിട്ടുകൊണ്ടിരിക്കുന്ന ഗോത്രവിഭാഗമാണ് കൊറഗർ. തൊട്ടുകൂടാത്തവരുടെയും അകറ്റി നിർത്തപ്പെട്ടവരുടെയും കഥ പറയുന്ന *അക്കർ മാശി, ഉചല്യ, നൂറ് സിംഹാസനങ്ങൾ* തുടങ്ങിയ ദളിത് സാഹിത്യ കൃതികളോടൊപ്പം ചേർത്ത് വായിക്കാൻ മലയാളത്തിൽ നിന്നൊരു രചന എന്ന് ഈ പുസ്തകത്തെ പരിചയപ്പെടുത്താനാവും. വെടിപ്പുള്ള മുറ്റങ്ങൾക്കപ്പുറത്തേക്ക് ആട്ടിയകറ്റിയവരുടെ ജീവിതരേഖ സ്വാതന്ത്ര്യലബ്ധിയുടെ ഏഴ ദശാബ്ദങ്ങൾക്കശേഷവും പരിഷ്കൃതലോക ത്തിൻെറ പിന്നാമ്പുറത്ത് ഇന്നും പ്രാകൃതരായി കഴിയുന്ന മനുഷ്യർ സഹിച്ച തീർത്ത കൊടും യാതനകളാണ് ഈ പുസ്തകത്തിൽ. ഈ പുസ്തകം വളരെ നല്ല ഒരു പുസ്തകമാണ്.

ടൈപ്പിം ഗ്
**ശ്രീലക്ഷ്മി. എ.** ,ക്ലാസ്സ് 9

*കവിത*

മലയാളം

# ജീവിതം

**ഗ്രീഷ്മ. കെ. എം**
**ക്ലാസ്സ് 8, ജി. എച്ച്.എസ്. ബാനം**

ഹൃദയത്തിനുള്ളിൽ തിളച്ചു മറിയുന്ന
ദു:ഖത്തിൻ വായ്ത്തല വെട്ടി
മാറ്റാനായൊരു പുണ്യതീർത്ഥാടനം
നടത്തി......ഞാൻ.

മനസിൻ വെമ്പൽ മാറ്റുവാനായി
ഏകയായേകായി ഞാൻ മണൽ –
പാത പിന്നിട്ടുവല്ലോ.
എന്റെ കുടുംബമെന്നെ–
വിട്ടെവിടെയോ പോയി മറഞ്ഞുവല്ലോ.

അനാഥയെപോലെ ഞാൻ
ഈ ലോകം ചുററി നടന്നു.
താരകങ്ങളെ വീക്ഷിച്ചും
ഓരോരോ താരകമെണ്ണിയും ഒരു
ഭ്രാന്തികണക്കെ നടന്നു ഞാൻ.

സ്വന്തമായെല്ലാരുമുണ്ടെങ്കിലും
ദു:ഖമാം നഗരത്തിൽ
ഒററയ്ക്കു നീന്തികടക്കാനാവാതെ
സന്തോഷത്തിൻ പുതുമഴയെ
കാത്തിരുന്നു ഞാൻ.

ഈശ്വരൻ കൈവിട്ടൊരീ ജീവിതം
എങ്ങനെ ജീവിച്ചു തീർക്കും ഞാൻ?
എന്റെയുളളിലെ നന്മയെ ആരും
കണ്ടില്ലെന്നു വയ്ക്കുന്നതു തെററല്ലേ ?

അന്തകാരമാം ദുഃഖത്തിൻ തീ ജ്വാല–
യായ് ഈശ്വരൻ വന്നെങ്കിൽ
ആശ്വാസമായി ഞാൻ ദുഃഖ പാതകൾ
വിട്ടു സത്യമാം പാത ദർശിച്ചിച്ചേനെ ..
ഈശ്വരൻ തന്നായീ ജീവിതം
സുഖ ദുഃഖങ്ങ തൻ ആഴിയാണ്.



വായനാക്കുറിപ്പ്

# അഗ്നിച്ചിറകുകൾ

അഞ്ജൽ കൃഷ്ണൻ.കെ. ബി,ക്ലാസ്സ് 9

എ.പി.ജെ അബ്ദുൾ കലാം

"അഗ്നിച്ചിറകുകൾ" എന്ന പുസ്തകം വളരെ നല്ല ഒരു പുസ്തകം തന്നെയാണ്. മിസൈൽ ടെക്നോളജി വിദഗ്ധനായ ഇന്ത്യൻ ശാസ്ത്രജ്ഞൻ എ.പി.ജെ അബ്ദുൾ കലാമിന്റെ ആത്മകഥയാണ് ഇത് . പ്രതിരോധ ശാസ്ത്രജ്ഞൻ എന്ന നിലയിൽ, ഇന്ത്യയുടെ പരമോന്നത ശാസ്ത്രജഞനെന്ന നിലയിൽ ഇന്ത്യയുടെ പരമോന്നത ബഹുമതിയായ ഭാരത രത്നം ലഭിച്ച വ്യക്തിത്വത്തിന് ഉടമയാണ് അബ്ദുൾ കലാം.

അദ്ദേഹത്തിൻെറ വ്യക്തിപരവും ഔദ്യോഗികവുമായ ഉയർച്ചയുടേയും നിസ്തുലമായ സേവനങ്ങളുടേയും കഥ പറയുന്നതിനോടോപ്പം നമ്മുടെ രാജ്യത്തെ അന്താരാഷ്ട്ര നിലവാരമുള്ള ഒരു മിസൈൽ ശക്തിയുടെ തലത്തിലേക്ക് ഉയർത്തിയ അഗ്നി, പൃഥി, ആകാശ്, ത്രിശൂൽ എന്നി മിസൈലുകളുടെ രൂപകല്പന, നിർമാണം, വിക്ഷേപണം എന്നി വിവധ ഘട്ടങ്ങളെക്കുറിച്ച് തികച്ചും ആധികാരികവും വിജഞാനപ്രദവുമായി വിവരിച്ചിരിക്കുന്നു.

അബ്ദുൽ കലാം സാധാരണക്കാരോട് ഏറെ മമത പുലർത്തിയിരുന്നു. അദ്ദേഹം പ്രാതിനിധ്യം വഹിക്കുന്ന, സാധാരണ ക്കാരുടെ സമൂഹത്തിന് ഉത്തേജനവും ആത്മവിശ്വാസവും പകരും വിധം അദ്ദേഹത്തിൻെറ ഉയർത്തെഴുന്നേല്പിൻെറ ചരിത്രം ആലേഖനം ചെയ്തിരിക്കുന്ന കൃതിയുമാണ് ഇത്. വളരെ നല്ല പുസ്തകമാണ് കലാമിൻെറ അഗ്നിച്ചിറകുകൾ.

വായനാക്കുറിപ്പ്

അഹല്യ.വി.വി, ക്ലാസ്സ് 9

# മലയാളത്തിൻെറ സുവർണ്ണ കഥകൾ

മാധവിക്കുട്ടി

മലയാളത്തിൻെറ സുവർണ്ണ കഥകൾ എന്ന നോവൽ എഴുതിയത് മാധവിക്കുട്ടിയാണ്. പ്രശസ്ത കവിയത്രി–കഥാകാരി, 'മാധവിക്കുട്ടി', 'കമലസുരയ്യ' എന്നീ നാമങ്ങളിൽ മലയാളത്തിലും ഇംഗ്ളീഷിലും കഥകൾ, കവിതകൾ മറ്റു സൃഷ്ടികളും രചിച്ചു. വയലാർ അവാർഡ്, കേരള സാഹിത്യ അക്കാദമി, കെൻെറ് അവാർഡ് തുടങ്ങിയവ ലഭിച്ചു.

മാധവിക്കുട്ടി നിരവധി നോവലുകൾ രചിച്ചിട്ടുണ്ട്. സ്നേഹത്തിൻെറ തീർത്ഥാടനങ്ങളാകുന്നു മാധവിക്കുട്ടിയുടെ കഥകൾ.

ഞാൻ "കോലാട്" എന്ന കഥയാണ് വായിച്ചത്. അതിൽ പറയുന്നത്, അവൾക്ക് താമശക്കാരനായ ഒരു മൂത്തമകൻ ഉണ്ട്. ഒരിക്കൽ അവളുടെ നാൽപത്തിമൂന്നാം വയസിൽ പറയുകയാണ്– "അമ്മേ, നിങ്ങളെ കണ്ടാൽ ഒരു കോലാടിനെയാണ് ഓർമ്മ വരിക." അവളും ചിരിച്ചു തുടങ്ങി. എല്ലാവരും പോയപ്പോൾ അവൾ വിഷണ്ണതയോടെ കണ്ണാടിയിൽ നോക്കുകയും തൻെറ ഒട്ടിയ കവിൾ പുഷ്ടിപ്പെടുത്താൻ വല്ല മാർഗ്ഗവുമുണ്ടായിരുന്നാൽ തൻെറ ജീവിതവും പുഷ്ടിക്കുമെന്ന് അവൾക്ക് തോന്നി.

യൗവനവും ദേഹപുഷ്ടിയും ഉള്ള സമയത്ത് പായ വിരിച്ചു കിടന്നുറങ്ങിയിരുന്നവൾ. അവൾ കഷ്ടപ്പെട്ട് അവളുടെ കുടുംബത്തെ വളർത്തി. മെലിഞ്ഞ ഒട്ടിയ കവിളുള്ള ശരീരമാണ് അവളുടേത്. പക്ഷേ അവൾ ഒരിക്കലും ക്ഷീണിച്ചു വീഴാറില്ല. അവൾ വെള്ളം പാട്ടയിൽ കൊണ്ടുവന്നാൽ അവളുടെ ഭർത്താവും മുതിർന്ന മക്കളും സഹായിക്കാറില്ല. അവൾക്ക് പഠിപ്പില്ലായിരുന്നു. അവളെ ഒന്ന് പുകഴ്ത്തി പറഞ്ഞപ്പോൾ അവളുടെ തേഞ്ഞപല്ലുകൾ വെളിയിൽപ്പെടുത്തി പുഞ്ചിരി തൂകി.

ഇളയമകൻ സ്കൂൾ വിട്ടുവരുമ്പോൾ അവൾക്ക് ഒരു നെല്ലിക്ക കൊണ്ടുവരുമായിരുന്നു. അന്ന് അടുക്കളയിൽ നിന്ന് അവൾ കരഞ്ഞു. മകൻെറ സ്കൂളിൽ ഡ്രാമയ്ക്ക് താനും വരട്ടെ എന്നു പറഞ്ഞപ്പോൾ മകൻ വേണ്ടാന്ന് പറഞ്ഞു. അമ്മ അവന് ഒരു കുറവാണ്. ഒടുവിൽ അവൾക്ക്

പനിയും വയറ്റുവേദനയും വന്നു . എന്തുകൊടുത്തിട്ടും ഒന്നു അവളെ സഹായിച്ചില്ല. അങ്ങനെ പത്താം ദിവസം ഡോക്ടർ ഭർത്താവിനോട് പറഞ്ഞു. ഇതു മഞ്ഞക്കാമലയുടെ ഒരു സീരിയസ്സ് കേസാണ്. ഒരാൾ അവളെ ചക്രകട്ടിലിൽ ഉന്തിക്കൊണ്ടു പോവുമ്പോൾ അവൾ പറഞ്ഞു - "അയ്യോ പരിപ്പ് കരിയിണ്ട്ന്ന് തോന്നുന്നു." അപ്പോൾ അവളുടെ ഭർത്താവിൻെറ കണ്ണുകൾ നിറഞ്ഞു. ഏതു ദുർഘടസമയമായാലും അവൾ തൻെറ ജോലികൃത്യമായി ചെയ്യുകയും കുടുംബത്തെ നന്നായി നോക്കുകയും ചെയ്യുന്നവളാണ്.



# അമ്മ

<u>വായനാക്കുറിപ്പ്</u>

**അനന്യ.വി.ജെ** , ക്ലാസ്സ് 9

**ടി.പത്മനഭൻ**

ടി.പത്മനഭൻെറ "അമ്മ"യെന്ന കഥയാണിത്. സംഗീതത്തിൻെറ ഭാവസാന്ദ്രമായ ലോകങ്ങളിലൂടെ മലയാളക്കഥയെ അഗാധമായ ധ്യാനമനസ്സോടെ സഞ്ചരിപ്പിച്ച കഥയുടെ കുലപതിയായ ടി.പത്മനാഭൻ. 1931–ൽ കണ്ണൂരിനടുത്ത് പള്ളിക്കുന്നിൽ ജനിച്ചു. മദ്രാസ് ലോ കോളേജിൽ നിന്നും നിയമബിരുദംനേടി. കണ്ണൂരിൽ വക്കീലായി പ്രാക്ടീസ് ചെയ്ത ശേഷം ഫാക്ടിന്റെ കൊച്ചി ഡിവിഷനിൽ ഉദ്യോഗം സ്വീകരിച്ചു. വള്ളത്തോൾ അവാർഡ്, വയലാർ അവാർഡ്, ലഭി ച്ചിട്ടുണ്ട്.

ഇന്ന് സമൂഹത്തിൽ വലിയ പ്രശ്നമായിക്കൊണ്ടിരിക്കുന്ന ഒന്നാണ് അമ്മ. ഈകഥയിൽ അത് തന്നെയാണ് പരാമർശിക്കുന്നത് . മക്കൾ ജോലിക്ക് വേണ്ടി അന്യദേശത്തേക്ക് പോകുന്നു. ഇളയ മകൻ മാത്രമേ ആ അമ്മയുടെ അടുത്തുള്ളൂ. അമ്മയെ ശുശ്രൂഷിക്കാൻ ഒരു നേഴ്സ് മാത്രമേ ആ വീട്ടിലുളളൂ.

ഒരു ദിവസം കുട്ടികളുടെ ഒച്ച കേട്ടു. തന്നെ നോക്കാൻ തന്റെ മക്കളും പേരക്കുട്ടികളും വന്നു എന്ന ആഹ്ളാദത്തിൽ മുറ്റത്തേക്കിറങ്ങി പോകുന്നു. അവരാരും വന്നിട്ടില്ല. സ്വന്തം മക്കളെയും പേരക്കുട്ടികളെയും ഒന്ന് കാണുവാൻ ആ അമ്മ കൊതിക്കുന്നു . ഇതിലെ കഥാപാത്രങ്ങൾ അമ്മ, നേഴ്സ്, പണിക്കാരൻ, അയളുടെ മക്കൾ എന്നിവരാണ്. എനിക്ക് ഈ കഥ വളരെയധികം ഇഷ്ടപ്പെട്ടു.

കവിത

# എൻെറ പ്രകൃതി

പരിസ്ഥിതി

മുഹമ്മദ് സഫ് വാൻ
*ക്ലാസ്സ്* 8 , ജി. എച്ച്. എസ്. ബാനം

പച്ചത്തുടുപ്പിൻ നാട്ടുകൾ
നീല ഹരിത ജലാശയങ്ങൾ
എങ്ങും ജീവൻെറ തുടിപ്പുകൾ
കളകളം പാടി ഒഴുകുന്ന പുഴ

പച്ചപ്പരനതാനി വിരിച്ച വയലുകൾ
പച്ചപ്പാർന്ന ഗ്രാമങ്ങൾ
ചില്ലകളിൽ നിന്ന് കരയുന്ന
പക്ഷികൾ കുയിലുകൾ

കാറ്റിൽ ആലോലമാടുന്ന മരങ്ങൾ
മഴ കെട്ടി നിൽക്കുന്ന മേഘങ്ങൾ
ചിരിച്ച് നിൽക്കുന്ന സൂര്യൻ
പൂക്കളിൽ നിന്ന് തേൻ നുകരുന്ന
ചിത്ര ശലഭങ്ങൾ...
പീലി വിടർത്തി നിൽക്കുന്ന മയിലുകൾ
എൻെറ പ്രകൃതിയെത്ര മനോഹരം !!!

വായനാക്കുറിപ്പ്

# മാമ്പഴം

**പ്രപഞ്ച്. സി.**, ക്ലാസ്സ് 9

**വൈലോപ്പിള്ളി ശ്രീധരമേനോൻ**

മലയാളത്തിലെ പ്രസിദ്ധനായ വൈലോപ്പിള്ളിയുടെ ശ്രീധരമേനോൻെറ എക്കാലത്തെയും പ്രസിദ്ധമായ കവിതയാണ് മാമ്പഴം.

മാമ്പഴം ആസ്വാദക മനസ്സിൽ ഇടം നേടിയ കവിതയാണ്. പൂങ്കുല ഒടിച്ചതിന് മാതാവിൻെറ ശകാരം ഏറ്റ അവൻ ദേഷ്യത്താൽ പറഞ്ഞു "മാമ്പഴം പറിക്കാൻ വരില്ല എന്ന്". ആ കുരുന്നിൻെറ വായിലെ മണിമുത്തുകൾ സത്യമായി തീർന്നു. അവൻ ഭൂമിയിലെ സകല ബന്ധങ്ങളും വിട്ട് അഗ്നി പൂകി.

വളരെ നല്ല കവിതയാണിത്. ഈ കവിത അകാലത്തിൽ മരണമടഞ്ഞ തൻെറ പുത്രനെയോർത്ത് കഴിയുന്ന അമ്മ കേട്ടാൽ അവർക്കിത് പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയും. ഇതാണ് ജോസഫ് മുണ്ടശ്ശേരി പറഞ്ഞത് – "രൂപം തികച്ചും ഭാവത്തിനൊത്ത് കഴിഞ്ഞാൽ കാവ്യം സുന്ദരമായി. കവിക്കും സഹൃദയർക്കും ആ കാവ്യ സൗന്ദര്യം ഭാനതൻമയിഭാവത്തിനിടയാക്കുന്നു." ഇത് തന്നെയാണ് വൈലോപ്പിള്ളി കവിത എഴുതുമ്പോൾ കവിതയുടെ മനസിൽ ഉള്ള ഭാവം ആ കവിത വായിക്കുമ്പോൾ, ചൊല്ലുമ്പോൾ ആസ്വാദക മനസ്സിൽ ആവിഷ്കരിക്കാൻ കവിക്ക് സാധിച്ച ഇതാണ് കവിതയുടെ ഒരു നേട്ടം.

അകാലത്തിൽ മരണമടഞ്ഞ ഒരു മകനെ ഓർത്ത് കഴിയുന്ന ഒരമ്മയുടെ ദുഃഖം മുഴുവനും ഇതിൽ ആവിഷ്കരിച്ചിരിക്കുന്നു. ഇത് കവിതയുടെ വിജയമാണ്.

വൈലോപ്പിള്ളി 5 വയസ്സിൽ മരിച്ച പോയ തൻെറ പേരമകനെ ഓർത്ത് എഴുതിയ ഒരു നല്ല കവിതയാണ്.

ലേഖനം

പരിസ്ഥിതി

# പ്ലാസ്റ്റിക് എന്ന ഭീകരത

സിൻജന സുധീഷ്
ക്ലാസ്സ് 8, ജി.എച്ച്. എസ്. ബാനം

നമ്മുടെ റോഡിൻെറ ഇരുവശത്തും ഐസിൻെറ മിഠായി കളുടെയും വിവിധതരം പാക്കറ്റുകളും വാരിവലിച്ചെറിയുന്നു. അങ്ങനെ നാം നമ്മുടെ പ്രകൃതിയെ മൃത്യുവിൻെറ വഴികളിലേക്ക് നയിക്കുകയാണ് അല്ല ബലം ഉപയോഗിച്ച് കൊണ്ടുപോകുകയാണ് . പ്രകൃതിയെ മാത്രമല്ല നാം നമ്മളെയും തന്നെയാണ് മൃത്യുവിലേക്ക് നയിക്കുന്നത്.

വഞ്ചനകൾ, വിഷസാമഗ്രികൾ എല്ലാം ചേർന്ന് 1 രൂപ, 5 രൂപ, 10 രൂപ എന്നീ വിലകളിൽ കിട്ടുന്ന ആഹാരസാമഗ്രികൾ കഴിച്ച് അതിൻെറ കൂട്ടുകളലെ വിഷം തീണ്ടിയ മിഠായികൾ ഉദരത്തിലേക്ക് തളളി പ്രകൃതിയെയും നമ്മുടെ ശരീരത്തെയും നാം ഒരുപോലെ നശിപ്പിക്കുകയാണ് ചെയുന്നത്.

അപ്പൻറീസ്, അൾസർ, ഉദര–കരൾ രോഗങ്ങൾ ആമാശയ രോഗങ്ങൾ എന്നിവ ക്ഷണക്കത്ത് നൽകി, നമ്മുടെ ശരീരത്തിലേക്ക് ആദിത്യം അരുളി ക്ഷണിക്കുകയാണ്. കർഷകൻെറ കൂട്ടുകാരായ മണ്ണിരകളുടെ സഞ്ചാരത്തിന് വിഘ്നം വരുത്തുകയാണ് പ്ലാസ്റ്റിക്കുകൾ ചെയുന്നത്. അങ്ങനെയവയ്ക്ക് ശ്വാസം കിട്ടാതെ നശിച്ച പോകുന്നു.

പ്ലാസ്റ്റിക് കത്തിക്കുമ്പോൾ ഉണ്ടാകുന്ന ഡൈ ഓക്സിജൻ വാതകം ഒസോൺ പാളിയെയും നമ്മുടെ പ്രകൃതിയെയും നമ്മുടെ ശരീരത്തെയും ഒരുപോലെ നശിപ്പിക്കുന്നു. അതുകൊണ്ട് പ്ലാസ്റ്റികും അതിനകത്തെ വസ്തുക്കളും നമ്മുടെ പ്രകൃതിയെ നാശത്തിൻെറ വഴി സൃഷ്ടിക്കുകയാണ് ഇനിയെങ്കിലും നാം പ്ലാസ്റ്റിക്കിൻെറ അമിതമായ ഉപയോഗം നാം കുറച്ചില്ലെങ്കിൽ പ്രകൃതി നശിക്കാൻ നാളുകൾ മാത്രം മതി.

---